**ചരമോപചാരം**

## എ. നഫീസത്ത് ബീവിയുടെ നിര്യാണം

മി. സ്പീക്കർ: മുൻ ഡെപ്യൂട്ടി സ്പീക്കർ എ. നഫീസത്ത് ബീവി 2015 മേയ് 11-ന് അന്തരിച്ചു.

കായംകുളത്ത് കറ്റാനം കടവുങ്കൽ പുത്തൻപുരയിൽ അബ്ദുൾ കരീമിന്റെയും ഹവ്വാഉമ്മയുടെയും മകളായി 1924 മാർച്ച് 22-ന് എ. നഫീസത്ത് ബീവി ജനിച്ചു. ആലപ്പുഴ എസ്.ഡി. കോളേജിൽ നിന്നും ബിരുദ പഠനത്തിനുശേഷം എറണാകുളം ലോ കോളേജിൽ നിന്നും നിയമ ബിരുദവും നേടി ആലപ്പുഴയിൽ അഭിഭാഷകയായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസ് പ്രവർത്തകയായി പൊതുപ്രവർത്തനരംഗത്ത് എത്തിയ നഫീസത്ത് ബീവി മുസ്ലീം വനിതകൾ പൊതുപ്രവർത്തന രംഗത്തേയ്ക്ക് കടന്നു വരുവാൻ മടി കാണിച്ചിരുന്ന കാലത്ത് തന്റേടത്തോടെ രാഷ്ട്രീയ രംഗത്ത് കടന്നു വന്ന വനിതയായിരുന്നു.

1960-ൽ ആലപ്പുഴ നിയോജകമണ്ഡലത്തിൽ നിന്നും രണ്ടാം കേരള നിയമസഭയിലേക്ക് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ടു. 1960 മാർച്ച് മുതൽ 1964 സെപ്തംബർ വരെ ഡെപ്യൂട്ടി സ്പീക്കർ പദവി വഹിച്ചിട്ടുള്ള നഫീസത്ത് ബീവി ഈ കാലയളവിൽ രണ്ടു തവണ സ്പീക്കറുടെ

ചുമതലയും വഹിച്ചിട്ടുണ്ട്.

വനിതാ സംഘടനകളും സഹകരണ സംഘങ്ങളും സംഘടിപ്പിക്കുന്നതിന് ശ്രദ്ധേയമായ പ്രവർത്തനം നടത്തിയ നഫീസത്ത് ബീവി മഹിളാ കോൺഗ്രസ് സംസ്ഥാന വൈസ് പ്രസിഡന്റ്, കെ.പി.സി.സി, എ.ഐ.സി.സി, സംസ്ഥാന വനിതാ കമ്മീഷൻ എന്നിവയിൽ അംഗം, കാൻഫെഡ് കേരളാ ഘടകം സ്റ്റാൻഡിംഗ് കമ്മിറ്റി, കേരള സംസ്ഥാന ഫിലിം അവാർഡ് കമ്മിറ്റി, നാഷണൽ കൗൺസിൽ ഫോർ വിമൻസ് എഡ്യൂക്കേഷൻ സ്റ്റേറ്റ് കമ്മിറ്റി എന്നിവയിൽ അംഗമായും കൊച്ചിൻ റിഫൈനറി, എച്ച്.ഐ.എൽ. എന്നിവയുടെ ഡയറക്ടർ തുടങ്ങിയ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

എ.നഫീസത്ത് ബീവിയുടെ നിര്യാണത്തോടെ മികച്ച ഒരു സംഘാടകയേയും പൊതുപ്രവർത്തനരംഗത്ത് മാതൃകയായ നേതാവിനെയുമാണ് നഷ്ടമായിട്ടുള്ളത്. അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റ് നിൽക്കാം.

(അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റ്നിന്ന് മൗനം ആചരിച്ചു.)